ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ ശിപാർശ ചെയ്യുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാർ നടപ്പിലാക്കാൻ സ്വീകരിച്ച മാതൃകയായ പി.പി.പി. ഘടകങ്ങളുള്ള മോഡിഫൈഡ് ലാന്റ് ലോർഡ് മോഡൽ, ഇപ്പോൾ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാരിൽനിന്നും വയബിലിറ്റി ഗ്യാപ്പോട്ടുകൂടി നടപ്പിലാക്കാനാണ് ഈ സർക്കാർ തീരുമാനിച്ചത്.

പൊന്നാനി കാർഗോ പോർട്ട്

133 (137) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പൊന്നാനി കാർഗോ പോർട്ടിന്റെ നിർമ്മാണം തുടങ്ങുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്ന് തുടങ്ങുമെന്ന് വിശദമാക്കാമോ ;

(ഡി) കാർഗോ പോർട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) നിർമ്മാണ പ്രവർത്തികൾ വൈകാതെ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പൊന്നാനി പോർട്ട് കാർഗോ പോർട്ടായി വികസിപ്പിക്കുന്നതിന് മെസ്സേഴ്സ് മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റും ലീസ് എഗ്രിമെന്റും ഒപ്പുവച്ചുകഴിഞ്ഞു. പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസും നേടിയെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കാമെന്നാണ് മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചിട്ടുള്ളത്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതി, പദ്ധതിയേതര പ്രവൃത്തികൾ

134 (138) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന എന്തെല്ലാം പദ്ധതി, പദ്ധതിയേതര പ്രവൃത്തികളാണ് ഭരണാനുമതി നൽകി നടപ്പിലാക്കുന്നത് ;

(ബി) ഓരോ പദ്ധതിക്കും ഭരണാനുമതി ലഭിച്ച തുക എത്ര ; പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly